പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1439 16-10-2026-ൽ മറുപടിയ്ക്ക്

ബേപ്പൂർ നിയോജകമണ്ഡലത്തിലെ പൊക്കാളി കൃഷി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. പി. എ. മുഹമ്മദ് റിയാസ്	ശ്രീ. ടി. സിദ്ദീഖ് (കൃഷി വകുപ്പ് മന്ത്രി)

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ കടലുണ്ടി, ബേപ്പൂർ, ചെറുവണ്ണൂർ, നല്ലളം, ഫറോക്ക് പ്രദേശങ്ങളിൽ പൊക്കാളി കൃഷി നടപ്പിലാക്കി വരുന്നത് എത്ര വിസ്തൃതിയിലാണ് എന്ന് അറിയിക്കാമോ;

മറുപടി: ബേപ്പൂർ നിയോജക മണ്ഡലത്തിൽ കടലുണ്ടി, ബേപ്പൂർ, ചെറുവണ്ണൂർ, നല്ലളം, ഫറോക്ക് എന്നീ പ്രദേശങ്ങളിൽ പൊക്കാളി കൃഷി നടക്കുന്നില്ല.

(ബി) പ്രസ്തുത കർഷകർക്ക് വിത്ത്, നിലം ഒരുക്കൽ, സബ്സിഡി, യന്ത്രവത്കരണം എന്നീ ഇനങ്ങളിൽ സഹായം അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

മറുപടി: ബേപ്പൂർ നിയോജക മണ്ഡലത്തിൽ കടലുണ്ടി, ബേപ്പൂർ, ചെറുവണ്ണൂർ, നല്ലളം, ഫറോക്ക് എന്നീ പ്രദേശങ്ങളിൽ പൊക്കാളി കൃഷി ഇല്ലാത്തതിനാൽ പൊക്കാളി കൃഷിക്കുള്ള വിത്ത്, നിലം ഒരുക്കൽ, എന്നിവക്കുള്ള ആനുകൂല്യം നൽകുന്നില്ല. അതെ സമയം പൊക്കാളി രീതികളിൽ അല്ലെങ്കിലും നിലവിൽ കൃഷി നടത്തുന്നവർക്ക് നെൽകൃഷി വികസന പദ്ധതിയിൽപ്പെടുത്തി ആനുകൂല്യം നല്കുന്നുണ്ട്.

(സി) കടലുണ്ടി പുഴയോര കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ബയോ അക്വാബണ്ട്, താല്കാലിക ബണ്ട് എന്നിവയുടെ നിർമ്മാണത്തിന് തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

മറുപടി: കടലുണ്ടി പുഴയോര കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) പൊക്കാളി നെല്ലിനോടൊപ്പം സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മണ്ഡലത്തിൽ പ്രത്യേക പദ്ധതി നടപ്പിലാക്കുമോ?

മറുപടി: പൊക്കാളി കൃഷി ചെയ്യാത്തതിനാൽ പൊക്കാളി നെല്ലിനോടൊപ്പം സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നില്ല.

സെക്ഷൻ ഓഫീസർ